ലിറ്റിൽ കൈറ്റ്സ് 2022-23

# ഉണരവ

ഡിജിറ്റൽ മാഗസിൻ

**CATHOLICATE HSS, PATHANAMTHITTA**


CATHOLICATE HIGHER SECONDARY SCHOOL



# മുഖമൊഴി

**GRACEN MATHEW (Headmistress)**

കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ
അതിന്റെ വിജയപടവുകൾ കയറി മുന്നേറുമ്പോൾ
'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയിൽ അംഗമാവാനുള്ള
അവസരവും ലഭിച്ചു.
സ്കൂളിലെ നാൽപത് കുട്ടികൾക്കാണ് ഈ സുവർണാവസരം
പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നത്.
സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള
അടിസ്ഥാന നൈപുണ്യങ്ങൾ പരിചയപ്പെടുത്തുതിന്
അവസരം ലഭിക്കുന്നു.
സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള
തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ
ഈ പദ്ധതിയിലൂടെ സാധ്യമാകട്ടെ.




# സന്ദേശം

**ജേക്കബ് ജോർജ്ജ് (പ്രിൻസിപ്പാൾ)**

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിത ശിശുകേന്ദ്രിതവുമായ വിദ്യാഭ്യാസപ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിവിധ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സാങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ദ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. നമ്മുടെ വിദ്യാലയത്തിലും സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ‘ലിറ്റിൽ കൈറ്റ്സ്’ എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മകളിലൂടെ സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

# സന്ദേശം

**ദീപ മേരി ജേക്കബ്**

**Senior Assistant & SITC**



കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ ഗുണപരമായും സർഗ്ഗാത്മകമായും പുതുതലമുറയെ പരിപോഷിപ്പിച്ച് മുൻനിരയിലെത്തിക്കുവാൻ സാധിക്കുന്നു. ഞങ്ങളുടെ വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾ 'ഉയരെ' എന്ന ഡിജിറ്റൽ മാഗസിൻ രൂപകൽപ്പന ചെയ്യുന്നതും പ്രസിദ്ധീകരിക്കുന്നതും സ്കൂളിൽ ലഭ്യമായ കമ്പ്യൂട്ടർ സംവിധാനങ്ങളിലൂടെയാണ്. കമ്പ്യൂട്ടർ രംഗത്ത് കൂടുതൽ വൈദഗ്ദ്ധ്യം നേടുവാൻ ഭാവിയിൽ പ്രയോജനകരമാകുവാനും ഇടയാകട്ടെ എന്നാശംസിക്കുന്നു.

# Student Editorial

**Jiya Thomas, IX B**

കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന 'ഉയരെ' എന്ന ഈ മാഗസിൻ വിദ്യാർത്ഥികളുടെ സൃഷ്ടികൾ കൊണ്ട് ശോഭിക്കുന്നു. തികച്ചും കുട്ടികളുടെ പൂർണ ഉത്തരവാദിത്തത്തിൽ നിർമ്മിച്ചതാണ് ഈ മാഗസിൻ. ഞങ്ങൾക്ക് വേണ്ട എല്ലാ പ്രോത്സാഹനവും നൽകി ഞങ്ങളെ പ്രാപ്തരാക്കിയത് ലിറ്റിൽ കൈറ്റ്സിന്റെ ചുമതല വഹിക്കുന്ന രേണു ടീച്ചറും സുജ ടീച്ചറും ആണ്. ഞങ്ങളുടെ കഴിവില്ലായ്മകളെ കഴിവുകളാക്കി മാറ്റാൻ ഞങ്ങളോട് ചേർന്നുനിന്ന ഞങ്ങളുടെ അധ്യാപകരെ നന്ദിയോടെ സ്മരിക്കുന്നു.

സ്നേഹപൂർവ്വം

**ജിയ തോമസ്**

# ആശംസകളോടെ



**Deepa Mariam Joy**
**Primary SITC**



**Suja Mary K. John**
**Staff Secretary**



**Suja Mathew**
**KITE Mistress**



**Renu Adhikari**
**KITE Mistress**

# ഉള്ളടക്കം

ഭാവിലോകം റോബോട്ടുകൾ കീഴടക്കുമോ? 8

കോവിഡ് മുൻപും ശേഷവും കേരളം 9

ആധുനിക ലോകത്ത് റോബോട്ടുകളുടെ പഠന, സാങ്കേതിക വിദ്യകൾ 10

കോവിഡിനു ശേഷമുള്ള വിദ്യാഭ്യാസം 11

ആരോഗ്യപ്രവർത്തനത്തിൽ ''റോബോട്ട്'' 12

കുട്ടികളുടെ ഗെയിം അഡിക്ഷൻ 14

കോവിഡിനു ശേഷമുള്ള ആരോഗ്യം 15

കോവിഡിന് ശേഷമുള്ള മാനസിക സമ്മർദ്ദം 17

കോവിഡ് കാലത്ത് IT ക്ക് വന്ന മാറ്റം 19

കൊറോണ എന്ന മഹാവിപത്ത് 21

വിഷയം – കൊറോണയ്ക്കു ശേഷമുള്ള പഠനം 22

വ്യാജ സന്ദേശങ്ങളിൽ വീഴരുത് 23

കൊറോണ എന്ന മഹാവിപത്ത് 23

റോബോട്ടും മനുഷ്യനും തമ്മിലുള്ള സംഭാഷണം 24

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് 26

കൊറോണ 27

Ivory Throne: A tribute to Maharani Sethu Lakshmi Bayi 28

Artificial Intelligence 29

Ozone 29

PSYCHOLOGICAL IMPACT OF COVID 19 ON CHILDREN 30


WHY FAILURE IS GOOD FOR SUCCESS 31

Conflict : Human Vs The Wild 32

# ഭാവിലോകം റോബോട്ടുകൾ കീഴടക്കുമോ?

**Devika Pradeep , IX B**

മനുഷ്യർ ചെയ്യേണ്ട ജോലികൾ റോബോട്ടുകൾ ചെയ്യുന്ന വാർത്ത നാം നിരന്തരം കേൾക്കാറുണ്ട്. എന്നാൽ മനുഷ്യന്റെ സാങ്കേതികമായ കണ്ടുപിടിത്തങ്ങൾ മൂലം ഇത് ഭാവിയിൽ യാഥാർത്ഥ്യമാകാനുള്ള സാധ്യത വളരെയധികം ആണ്. റോബോട്ടുകളെ മനുഷ്യരിൽ നിന്നും വിഭിന്നമാക്കുന്നത് അവയുടെ ചിന്തിക്കാനും, പഠിക്കാനും, നിർണായകമായ തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവാണ്. ഇത്തരം ബുദ്ധിയും വിവേകവും വേണ്ട നിരവധി സന്ദർഭങ്ങളിലൂടെ നമ്മൾ ദിവസവും  കടന്നുപോകുന്നു. എന്നാൽ നമ്മൾ മനുഷ്യർക്കാകട്ടെ ഇതൊക്കെ വലിയ കഴിവാണെന്ന്



തോന്നാറുമില്ല. നമുക്ക് ഇതൊക്കെ വെറും ഒരു ലളിതമായ കാര്യങ്ങൾ ആണ്. റോബോട്ടുകൾക്ക് മനുഷ്യർക്ക് മാത്രമുള്ള കഴിവുകൾ ചെയ്യാൻ കഴിയില്ല എന്നാണ് സാധാരണമായും നമ്മുടെ ധാരണ. എന്നാൽ ഇത്തരം കഴിവുകളൊക്കെ അതേ രീതിയിൽ പ്രകടിപ്പിക്കാൻ പ്രാപ്തരായ യന്ത്രങ്ങൾ ഉണ്ടായോലോ? 'നല്ല ബുദ്ധി'യുള്ള യന്ത്രങ്ങൾ അവയെയാണ് നിർമ്മിതബുദ്ധി അഥവാ കൃത്രിമ ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സംവിധാനങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയിൽ വളരെ വേഗം തന്നെ വികസനം കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖല കൂടിയാണിത്. ഇന്റർനെറ്റിന്റെ വരവും നമ്മുടെ ഓരോ ഡിജിറ്റൽ നീക്കങ്ങളും ഒപ്പിയെടുക്കുന്നത് വഴിയുണ്ടായ ഡാറ്റ വിസ്പോടനവും നിർമ്മിത ബുദ്ധിയെ ഒട്ടുമിക്ക ഡിജിറ്റൽ സംവിധാനങ്ങളും  പ്രധാന ഭാഗമാക്കി മാറ്റിയിട്ടുണ്ട്.

കൊറോണ എന്ന മഹാമാരി ലോകത്തിൽ വന്നതിനുശേഷം വളരെ അധികമായി റോബോട്ടുകളുടെ സാമീപ്യം നമ്മുടെ ചുറ്റുപാടിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മനുഷ്യരെ തന്നെ നിയന്ത്രിക്കുന്ന റോബോട്ടുകളുടെ വരവാണ് ഇനിയെന്ന് കരുതപ്പെടുന്നത്. അതായത് നമ്മുടെ മേലധികാരിയായി ഒരു റോബോട്ട്. അവർ നിർദ്ദേശിക്കുന്നത് അനുസരിച്ച് ജോലിയെടുക്കേണ്ടി വരുന്ന മനുഷ്യർ.  മനുഷ്യ ജീവനക്കാരുടെ ശേഷിയേയും, കഴിവിനേയും എല്ലാം അളക്കുന്ന മേലാധികാരിയായി റോബോട്ടുകൾ ജോലിക്കാരുടെ പ്രകടനം വിലയിരുത്തി അവരെ പിരിച്ചുവിടാൻ വരെ തീരുമാനിക്കുന്ന റോബോട്ടാണ് ഇനിയും ഭാവിയിൽ വരാൻ ഇരിക്കുന്നത്.

# കോവിഡ് മുൻപും ശേഷവും കേരളം

**P.N.Krishnanunni , IX B**

2019–2022 വർഷം ലോകത്തിലെ ഓരോ മനുഷ്യ ജീവിയുടേയും ഹൃദയത്തിൽ നിന്നും ഓർമ്മ യിൽ നിന്നും മാഞ്ഞു പോവുകയില്ല. കാരണം ഈ വർഷമാണ് നമ്മുടെയൊക്കെ ജീവിതത്തെ പാടെ മാറ്റിമറിച്ച കൊറോണ വൈറസ് എന്ന പകർച്ചവ്യാധി നമ്മുടെ ഒക്കെ ജീവിതത്തിൽ കടന്നു കൂടിയത്.

## ഈ കൊറോണ വൈറസ് നമ്മെ പഠിപ്പിച്ച പാഠം എന്ത്?

നമ്മളെ സംബന്ധിച്ചിടത്തോളം ഈ വർഷങ്ങൾ മറ്റു വർഷങ്ങളിൽ നിന്നും വ്യത്യസ്തമാണ്. കാരണം മാസങ്ങളായി നമ്മെയൊക്കെ കൊറോണ വീടിനുള്ളിൽ തന്നെ പിടിച്ചിരുത്തി. ലോക്ഡൗൺ, ക്യാറന്റൈൻ ദിനങ്ങൾ ഈ വർഷത്തെ നമ്മുടെ മറക്കാനാവാത്ത ദിനങ്ങൾ ആയിരുന്നു. കൂടാതെ ഈ വർഷങ്ങൾ നമ്മുടെ ജീവിതത്തെയും, ചിന്തകളെയും, സ്വഭാവത്തെയും മാറ്റങ്ങൾക്ക് വിധേയമാക്കി. മാറ്റം വന്ന ജീവിതത്തോട് നമ്മൾ പൊരുത്തപ്പെടാൻ തുടങ്ങി. നമ്മുടെ സഹജീവികളിൽ പലരുടെയും ജീവൻ കൊറോണാ വൈറസ് എന്ന ഈ മഹാവ്യാധി കവർന്നെടുത്തു. നമ്മളിൽ പലർക്കും ഈ പകർച്ച വ്യാധി പിടിപെട്ടു ചിലർക്ക് മാരകമായ രോഗങ്ങൾ



സമ്മാനിച്ചിട്ടാണ് ഈ രോഗം മാറിയത്. നമ്മളിൽ പലരും കേൾക്കാത്ത വാക്കുകൾ ആയിരുന്നു ലോക്ഡൗണും, കർഫ്യൂവും, ക്വാറന്റൈനും ഒക്കെ ഇത് നമ്മളെ പലവിധത്തിലുള്ള മാനസിക പിരിമുറുക്കത്തിലേക്ക് നയിച്ചു. കൊറോണ വർഷ ക്കാലം നമ്മുടെയെല്ലാം ദൈനംദിന ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചു വെന്നു നോക്കാം.

## മാസ്കിന്റെയും സാനിറ്റൈസറിന്റെയും ഉപയോഗം

ഇന്നുവരെയും നമ്മൾ ഉപയോഗിക്കാത്ത വസ്തുക്കൾ ആയിരുന്നു മാസ്കും സാനിറ്റൈസറും എന്നാൽ ഈ കൊറോണകാലത്ത് നമ്മുടെ ജീവനെ രക്ഷിച്ചവരാണ് മാസ്കും സാനിറ്റൈസറും. ഹോസ്പിറ്റലുകളിൽ ഡോക്ടർമാർ മാത്രം ഉപയോഗിച്ചിരുന്ന മാസ്ക് ഇപ്പോൾ നമ്മുടെ ജീവിത ത്തിലെ പ്രധാനഘടകം ആയി മാറിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ നമ്മൾ മാസ്ക് ധരിക്കും. ആദ്യ മൊക്കെ നമ്മൾക്ക് മാസ്ക് ധരിക്കൽ വിചിത്രമായി തോന്നിയിരുന്നുവെങ്കിലും ഇന്ന് ഇത് എല്ലാ വരുടെയും ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. കൊറോണ ബാധിതനായ ഒരു വ്യക്തി ചുമച്ചാലോ, തുമ്മിയാലോ ലക്ഷക്കണക്കിന് സൂക്ഷ്മ വൈറസുകൾ പല പ്രതലങ്ങളിലും പറ്റിപ്പിടിക്കും. അതിൽ ആരെങ്കിലും തൊട്ടാൽ അവരുടെ കൈകളിൽ അവ പറ്റിപ്പിടിക്കും. അവയെ നശിപ്പിച്ചു കളയുക എന്ന ജോലിയാണ് സാനിറ്റൈ സറുകളുടേത്.

കൊറോണക്കാലത്തിന് മുൻപ് പൊതുസ്ഥലങ്ങളിലും, ചടങ്ങുകളിലും ജന ക്കൂട്ടത്തെ കാണാമായിരുന്നു. എന്നാൽ കൊറോണക്കാലം ആയപ്പോൾ ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി സർക്കാർ പൊതുസ്ഥലങ്ങളിലെ ഒത്തുകൂടലുകൾ കർശന നിയമനടപടി കളിലൂടെ വിലക്കി. ഇത് ഒരു പരിധി വരെ രോഗവ്യാപനത്തെ തടയുകയും ചെയ്തു. അതുപോലെ തന്നെയാണ് ആളുകൾ തമ്മിൽ കാണുമ്പോൾ അഭിവാദ്യം ചെയ്യുകയും അടുത്ത് ഇടപഴകുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ കൊറോണയുടെ വരവോടെ അതും നിന്നു. ഇന്ന് എല്ലാവരും സാമൂഹിക അകലം പാലിച്ചാണ് പൊതുചടങ്ങുകളിലും എല്ലാം സംസാരിക്കുന്നത്.

ലോക്ഡൗൺ ആയതുകൊണ്ട് കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കാനും ഉല്ലസിക്കാനും കഴിയാത്ത അവസ്ഥ വന്നുചേർന്നു. കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ സർക്കാർ ഓൺലൈൻ പഠനം ആരംഭിച്ചു. അത് വ്യാപക മാകുകയും ചെയ്തു. അതുപോലെ കുട്ടികൾ തമ്മിലുള്ള സൗഹൃദങ്ങളും, കളികളും എല്ലാം മൊബൈൽ ഫോണിലൂടെയായി മാറി. കുട്ടികൾ തമ്മിൽ പരസ്പരം കാണുന്നതുപോലും വീഡിയോ കോളുകളിലൂടെയായി മാറി. കൊറോണ വൈറസിന്റെ വ്യാപനത്തിന് മുൻപ് ആൾക്കാർ തിയേറ്ററുകളിൽ പോയി സിനിമ കാണുമായിരുന്നു. എന്നാൽ ഇപ്പോൾ എല്ലാവരും ആമസോൺ പ്രൈം വീഡിയോ പോലുള്ള ഓൺലൈൻ ആപ്ലിക്കേഷനുകളിലൂടെയാണ് സിനിമ കാണുന്നത്.

വ്യക്തി ശുചിത്വം പാലിക്കാൻ ജനങ്ങൾ നിർബന്ധിതരായി എന്നുള്ളതാണ് കൊറോണയുടെ വ്യാപനത്തിന്റെ മറ്റൊരു സവിശേഷത. കൈകഴുകൽ, സാനിറ്റൈസറുകളുടെ ഉപയോഗം എന്നിവ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറി. അതുപോലെ എല്ലാവരും വീടുകളിൽ ചെറിയ തോതിലുള്ള കൃഷികളും ആരംഭിച്ചു.

വീട്ടിലിരുന്നുള്ള ജോലി ആളുകൾക്ക് കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ പറ്റുന്നു. മീറ്റിംഗുകളും മറ്റും ഗൂഗിൾ മീറ്റിലൂടെയും വീഡിയോ കോളിലൂടെയും ഒക്കെയാണ് നടത്തപ്പെടുന്നത്.

പക്ഷേ ചെറുകിട വ്യാപാരികൾക്കും, ദിവസക്കൂലിക്കാർക്കും വരുമാനവും ജോലിയും നഷ്ടപ്പെട്ട് ജീവിതം പ്രതിസന്ധിയിൽ ആയി. സർക്കാർ ഭക്ഷണ വസ്തുക്കൾ സൗജന്യമായി കൊടുത്തും ആശ്വാസമേകി. അന്യസംസ്ഥാന അതിഥി തൊഴിലാളികൾക്കും ക്ഷണസൗകര്യം ഏർപ്പെടുത്തി. കൊറോണ രോഗപരിശോധന വ്യാപകമാക്കി. സൗജന്യ ചികിത്സാ സൗകര്യ ങ്ങളും സർക്കാർ ചെയ്തു. ഇപ്പോൾ കൊറോണ വ്യാപനം പൂർണ്ണമായി മാറിയിട്ടില്ലാ എങ്കിലും നിയന്ത്രണ വിധേയമാണ്. വാക്സിനേഷൻ പ്രവർത്തനങ്ങൾ കൊറോണ വ്യാപന ത്തെ പ്രതിരോധിച്ചു. ഒരു മഹാവ്യാധിയുണ്ടായാൽ അതിനെ നേരിടുന്നതിന് മനുഷ്യസമൂഹം എങ്ങനെ പ്രവർത്തിക്കണമെന്ന് ജനങ്ങൾക്ക് മനസ്സിലായി. കുറേക്കാലം കൂടി ഈ കൊറോണാ വൈറസ് സ്വഭാവ മാറ്റത്തോടുകൂടി ഇവിടെയുണ്ടാകും. വൈദ്യശാസ്ത്രത്തിന്റെ വളർച്ച, ഗവേഷണം, പുതിയ കണ്ടുപിടിത്തങ്ങൾ എന്നിവ കൊറോണ പോലുള്ള രോഗവ്യാ പനത്തെ നേരിടാൻ ഒരു അറിവായി മാറിയിട്ടുണ്ട്. ലോകജനത ഇത്തര ത്തിലുള്ള പ്രതിസന്ധികളെ അതിജീവിക്കും എന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. കേരള ജനത അക്കാര്യത്തിൽ പ്രബുദ്ധരും ആണ്

# ആധുനിക ലോകത്ത് റോബോട്ടുകളുടെ പഠന, സാങ്കേതിക വിദ്യകൾ

**Jins Varghese, IX B**

നമ്മുടെ ലോകം ശാസ്ത്രമേഖലയിൽ വളരെയധികം പുരോഗതി പ്രാപിച്ചിരിക്കുന്നു. ഈ സമയത്താണ് കോവിഡ് 19 എന്ന മഹാമാരി ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയത്. അതിൽ നിന്നും ലോകം മുക്തി പ്രാപിച്ചു വരുന്നു. എന്നിരുന്നാലും ടെക്നോളജിയിൽ വളരെയധികം മാറ്റ ങ്ങൾ വരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കമ്പ്യൂട്ടറുടെ കണ്ടുപിടിത്തത്തോടെ ഒരു പുതിയ കമ്പ്യൂട്ടർ യുഗം തന്നെ രൂപം കൊണ്ടു. അതിൽ പ്രധാനപ്പെട്ടത് റോബോട്ടുകളുടെ കണ്ടുപിടിത്തമാണ്. ധാരാളം മാൻപവർ (Man Power) വേണ്ട മേഖലകളായ Medicine, Hotel, Manufacturing രംഗങ്ങളിൽ പുതിയ തുടക്കത്തിന് ഇത് കാരണമായി. അതോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസി (AI) ന്റെ വളർച്ചയും ഇതിന് വളരെയധികം സ്വാധീനിച്ചു

.




**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്** (AI)

മനുഷ്യന്റെ സഹായം ഇല്ലാതെ സ്വയംചുറ്റുപാടുകൾ മനസ്സിലാക്കി ചിന്തിക്കുവാനും, പഠിക്കുവാനും പ്രവർത്തിക്കുവാനുമുള്ള കഴിവ്. മനുഷ്യന്റെ തലച്ചോറിന് സമാനമായ പ്രവർത്തനം. ഇതിനെയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നുപറയുന്നത്.

**ആധുനിക ലോകത്തിൽ റോബോട്ടുകളുടെ വളർച്ച**

വിദേശരാജ്യങ്ങളിൽ Hospital Treatment കൾക്കും മറ്റുമായി റോബോട്ടുകളെ ഉപയോഗി ക്കാറുണ്ട്. Memic എന്ന കമ്പനി പുറത്തുവിട്ട റോബോട്ടാണ് Hominic Surgical System. ഇത് പല ഹോസ്പിറ്റലുകളിലും ഉപയോഗിക്കുന്നുണ്ട്. HCA Floride Hospital ഇപ്പോൾ നിലവിൽ റോബോട്ടിനെ ഉപയോഗിക്കാറുണ്ട്. അതുപോലെതന്നെ Sanfort University കണ്ടുപിടിച്ച Origyam Mini Robert മനുഷ്യ ശരീരത്തിനുള്ളിൽ കടത്തിവിട്ട് ചികിത്സയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ സഹായിക്കുന്നു.



**Quantum Robotics**

നിലവിലുള്ള കമ്പ്യൂട്ടറുകളെ അപേക്ഷിച്ച് Quantum Computers ന് ഡേറ്റ പ്രോസസീംഗ് വേഗത കൂടുതലാണ്. അതിനാൽ ഇതുപയോഗിച്ചുള്ള റോബോട്ടുകളിൽ പ്രവർത്തന വേഗതയും, കാര്യക്ഷമതയും കൂടുതലാണ്. ഇത് റോബോട്ടുകളുടെ ഭാവി ഉപയോഗത്തെ വളരെയധികം സ്വാധീ നിക്കും. ഈ ടെക്നോളജിയെക്കുറിച്ച് നിലവിൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. Compluterse University of Madrid of University of Innsbruck (Australic) എന്നീ യൂണിവേഴ്സിറ്റികൾ ഈ ടെക്നോളജിയെപ്പറ്റി കൂടുതലായി ഗവേഷണം നടത്തുന്നു. ഭാവിയിൽ ഇവയുടെ ഉപയോഗം ലോകത്തിൽ വളരെ മാറ്റങ്ങൾ സൃഷ്ടിക്കും.

# കോവിഡിനു ശേഷമുള്ള വിദ്യാഭ്യാസം

**Abhidev.S. , IX B**

കോവിഡ് നാട്ടിൽ വളരെയധികം പടരുന്നതിനാൽ സ്കൂളുകളും കോളേജുകളും അടയ്ക്കേണ്ട അവസ്ഥ വന്നുവല്ലോ. അതു ഇന്ത്യയിൽ 250 കോടിയിലധികം കുട്ടികളുടെ ഭാവിയെ കുഴപ്പത്തിലാക്കി. അവർ ലോക്ഡൗൺ കാരണം വീട്ടിൽ തന്നെയിരുന്ന് ടി.വി.യും ഫോണും മാറി മാറിയുപയോഗിച്ച് സമയം പാഴാക്കി. അവർക്ക് വിദ്യാഭ്യാസം നഷ്ടപ്പെട്ടു. അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെട്ടു. ലോകവുമായിട്ട് അവർക്ക് യാതൊരുവിധ ബന്ധവു മില്ലയായിരുന്നു. ഈ ലോക്ഡൗൺ കാലത്ത് കുട്ടികൾ മൊബൈൽ ഗെമിലൂടെ പണവും, കാഴ്ച ശക്തിയും എല്ലാം നഷ്ടപ്പെടുത്തി. അവർ ആത്മഹത്യ വരെ ചെയ്യുകയുണ്ടായി. പഠനം നിലനിർത്തണമെന്ന ഉദ്ദേശത്തോടെ ലോക്ഡൗൺ കാലത്ത് സർക്കാർ ഓൺലൈൻ ക്ലാസുകൾക്ക് തുടക്ക മിട്ടു. ക്ലാസുകൾ ഓൺലൈനായതു കൊണ്ട് കുറെ കുട്ടികൾ അത് ദുരുപയോഗം ചെയ്തു. കുട്ടി കൾ പലരും ക്ലാസിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. കുട്ടികൾ ഫോൺ ഓണാക്കി വെച്ച് വേറെ കാര്യങ്ങൾക്ക് പോകുകയായിരുന്നു. സർക്കാരിന്റെ ഓൺലൈൻ ക്ലാസ് പദ്ധതി ഇതുപോലെയുള്ള കുട്ടികൾ പരിചയപ്പെടുത്തി. പല കുട്ടികൾക്കും ഫോണിൽ നോക്കി കണ്ണുകളുടെ കാഴ്ച നഷ്ട പ്പെട്ടു. വിദ്യാഭ്യാസം അനിവാര്യമായതിനാൽ കോവിഡ് കുറച്ച് കുറഞ്ഞപ്പോൾ സ്കൂളുകൾ തുറക്കാൻ സർക്കാർ



രുമാനിക്കുകയാണുണ്ടായത്. പക്ഷേ സ്കൂളിൽ വന്ന കുട്ടികളുടെ സ്വഭാവം പഴയതു പോലെയായിരുന്നില്ല. അവരുടെ പെരുമാറ്റവും അവരുടെ രീതിയും അധ്യാപകരെ അസ്വസ്ഥപ്പെടുത്തി. കുട്ടികൾക്ക് പൊതുസ്ഥലത്ത് പെരുമാറേണ്ടത് എങ്ങനെയെന്ന് അറിയില്ല. അവരെ രണ്ടു വർഷം പാസാക്കി വിട്ടതു കൊണ്ടും അവർ പുസ്തകം കൈകൊണ്ടുതൊട്ടതു പോലുമില്ലാത്തതുകൊണ്ടും അവർക്ക് പുതുതായി പഠിപ്പിക്കുന്നതൊന്നും മനസ്സിലാകുന്നില്ലായിരുന്നു.അവർക്ക് പരീക്ഷയ്ക്ക് തയാറാകാൻപോലും പറ്റുന്നില്ലായിരുന്നു. അവർക്ക് തീർത്താൽ തീരാത്ത സംശയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോവിഡിനു ശേഷം സ്കൂൾ തുറന്നപ്പോൾ കുട്ടികൾ തങ്ങളുടെ പഴയ ആരോഗ്യത്തോടെയായിരുന്നില്ല. അവർക്ക് പല ആരോഗ്യപ്രശ്നങ്ങളുമുണ്ടായിരുന്നു. ലോക് ഡൗൺ കാലത്ത് കണ്ടതെല്ലാം വാരി തിന്ന് വണ്ണം വെക്കുകയും വ്യായാമം ഇല്ലാത്തതുകൊണ്ട് അവരുടെ ശരീരം തളർന്നതായിരുന്നു. അവർ പെട്ടെന്ന് ക്ഷീണിക്കുകയും ചെയ്തു. അതു മാത്രമല്ല, ഇപ്പോൾ കുട്ടികൾ ലഹരിക്ക് അടിമകളായി മാറി. ഒരു കുട്ടിക്ക് ലഹരി മാഫിയ ഒരു മിഠായിയോ അല്ലെങ്കിൽ എന്തെങ്കിലും മധുരപലഹാരം കൊടുക്കും. ആ കുട്ടികൾക്ക് അത് ഇഷ്ടപ്പെടുകയും ചെയ്യും. അവർ അതിനകത്ത് ലഹരി ചേർത്തിട്ടുണ്ടെന്ന് കുട്ടികൾ അറിയുന്നില്ല. ആ കുട്ടികൾ അങ്ങനെ ആ ലഹരിക്ക് അടിമകളാവുകയാണ്. പിന്നെ ആ കുട്ടികൾ സ്വന്തം കൂട്ടുകാർക്കും മറ്റു മാൾക്കാർക്കും ഈ മിഠായി കൊടുക്കും. അപ്പോൾ ആ വാങ്ങുന്നയാളും അടിമയാവുകയാണ്. അങ്ങനെ ആ ആൾക്കാരെ പോലീസ് പിടിക്കുകയും കേസും കോടതിയുമായി ജീവിതം നശിക്കുകയാണ് ചെയ്യുന്നത്. കോവിഡിനു ശേഷമുള്ള കുട്ടികളുടെ ജീവിതവും വിദ്യാഭ്യാസവും എല്ലാത്തിനും അടിമുടി മാറ്റമാണ് വന്നത്. ഓൺലൈൻ ക്ലാസിനാണ് കോവിഡ് കാലത്ത് കൂടുതൽ പ്രാധാന്യമുണ്ടായിരുന്നത്. ഇപ്പോൾ സ്കൂൾ തുറന്നു കുട്ടികൾക്ക് അവരുടെ ഭാവിയെ രക്ഷിക്കേണ്ട സമയമാണ്. അതുകൊണ്ട് കുട്ടികൾ ചതിക്കുഴിയിലൊന്നും വീഴാതെ നല്ലൊരു നാളയെ വരവേ ൽക്കാം. സമൂഹത്ത് ചതിക്കുഴികൾ ഏറെയാണ്. അതുകൊണ്ട് അതിലൊന്നും അകപ്പെടാതെ മുന്നേറാൻ നമുക്കു കഴിയണം.

# ആരോഗ്യപ്രവർത്തനത്തിൽ "റോബോട്ട്"

**Aneeta Simon , IX B**

റോബോട്ട് സ്വന്തമായും നിർദ്ദേശങ്ങൾ അനുസരിച്ചും പ്രവർത്തികൾ ചെയ്യാൻ കഴിവുള്ള ഒരു യന്ത്രമാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ അല്ലെങ്കിൽ ഇലക്ട്രോണിക് പ്രോഗ്രാമിംഗ് വഴിയോ ആണ് റോബോട്ടുകളെ നിയന്ത്രിക്കുന്നത്. റോബോട്ടുകളെ കുറിച്ച് പഠിക്കുന്ന ശാസ്ത്രരേഖയാണ് ''റോബോട്ടിക്സ്''. അമേരിക്കൻ എഴുത്തുകാരനായ ഐസക് അസിമോവാണ് ഈ വാക്ക് ആദ്യം ഉപയോഗിച്ചത്. സ്വതന്ത്രമായി ചലിക്കുന്ന ആദ്യ റോബോട്ട് ഒരു ആമയാണ്. 1948-ൽ വാൾട്ടർ ഗ്രേ എന്ന അമേരിക്കക്കാരനാണ് ഇത് ഉണ്ടാക്കിയത്.

റോബോട്ടുകൾ ആരോഗ്യപ്രവർത്തനത്തിലും മികച്ച പങ്കു വഹിക്കുന്നു. മെഡിക്കൽ റോബോ ട്ടുകൾ ശസ്ത്രക്രിയകൾ ചെയ്യാൻ സഹായിക്കുന്നു. അതുപോലെ രോഗികളുടെ പരിചരണവും ജോലി സ്ഥലത്തെ സുരക്ഷയും വർദ്ധിപ്പിക്കുന്നു. റോബോട്ടുകൾ ഇപ്പോൾ ഓപ്പറേഷൻ റൂമിൽ മാത്രമല്ല, ആരോഗ്യപ്രവർത്തകരെ സഹായിക്കാനും രോഗികളുടെ പരിചരണം വർദ്ധിപ്പിക്കാനും ക്ലിനിക്കൽ ക്രമീകരണങ്ങളിലും ഉപയോഗിക്കുന്നു. കോവിഡ് 19 പാൻഡെമിക് സമയത്ത് രോഗികളുമായുള്ള സമ്പർക്കം കുറയ്ക്കാൻ സഹായിക്കുന്നതിന് ആശുപത്രികളും ക്ലിനിക്കുകളും വളരെ വിപുലമായ ജോലികൾക്കായി റോബോട്ടുകളെ ഉപയോഗിച്ചിരുന്നു. മെഡിക്കൽ റോബോട്ടുകൾ കുറഞ്ഞ ആക്രമണാത്മക നടപടിക്രമങ്ങൾ, വിട്ടുമാറാത്ത രോഗങ്ങളുള്ള രോഗികൾക്ക് ഇഷ്ടാനുസൃതവും ഇടയ്ക്കിടെയുള്ള നിരീക്ഷണം, ബുദ്ധിപരമായ ചികിത്സകൾ, പ്രായമായ രോഗികൾക്കുള്ള സാമൂഹിക ഇടപെടൽ എന്നിവയെ പിന്തുണക്കുന്നു. കൂടാതെ, റോബോട്ടുകൾ ജോലിഭാരം ലഘൂ കരിക്കുന്നതിനാൽ നഴ്സുമാർക്കും മറ്റ് പരിചരിക്കുന്നവർക്കും രോഗികൾക്ക് കൂടുതൽ സഹാനു ഭൂതിയും മനുഷ്യഇടപെടലും നൽകാൻ കഴിയും.




മെഡിക്കൽ രംഗത്ത് റോബോട്ടിക്സ് ഉപയോഗി ക്കുന്നത് ഉയർന്ന തലത്തിലുള്ള രോഗി പരിചരണം, ക്ലിനിക്കൽ ക്രമീകരണങ്ങളിൽ കാര്യക്ഷമമായ പ്രക്രിയകൾ, രോഗികൾക്കും ആരോഗ്യ പ്രവർത്തകർക്കും സുരക്ഷിതമായ അന്തരീക്ഷം എന്നിവ സാധ്യമാക്കുന്നു. സാങ്കേതികവിദ്യകൾ വികസിക്കുമ്പോൾ റോബോട്ടുകൾ കൂടുതൽ സ്വയംഭരണാ ധികാരത്തോടെ പ്രവർത്തിക്കും. ഒടുവിൽ ചില ജോലികൾ സ്വയം നിർവഹിക്കും. തൽഫലമായി നഴ്സുമാർക്കും മറ്റ് ആരോഗ്യപ്രവർത്തകർക്കും നേരിട്ട് പരിചരണം നൽകു ന്നതിന് കൂടുതൽ സമയം ചെലവഴിക്കാൻ കഴിയും.

# കുട്ടികളുടെ ഗെയിം അഡിക്ഷൻ

**Maria Rajan , IX B**

ഗെയിമുകൾ കുട്ടികളെ വളരെ ആഴത്തിലാണ് സ്വാധീനിക്കുന്നത്. ബ്ലൂവെയിൽ പോലുള്ള ഗെയിമുകൾ കേരളത്തിലും കുട്ടികളെ ആത്മഹത്യയിലേക്ക് വരെ എത്തിച്ചിരുന്നു. നേരമ്പോക്കിനായി ഓൺലൈൻ ഗെയിമുകളുടെ ആകർഷണീയതയിൽ വീണുപോകുകയും, അതിന്റെ ആഴങ്ങളിലേക്ക് എത്തിപ്പെടുകയും ചതികുഴികളിൽ അറിയാതെ വീണുപോവുകയും ചെയ്യുന്ന അനവധി കുട്ടികളുണ്ട്. ഗെയിമുകളിൽ നിന്നുള്ള നിർദ്ദേശപ്രകാരം അനേകർക്ക് ജീവൻ പോലും വെടിയേണ്ടി വന്നിട്ടുണ്ട്. ഈ ഗെയിമുകളുടെ സ്വാധീനത്താൽ നമ്മുടെ കുട്ടികൾ മനോരോഗികളായി മാറുന്നുണ്ട്. ഇതിൽ നിന്നും രക്ഷപെടേണ്ടത് ഇന്നത്തെ തലമുറയുടെ ആവശ്യമാണ്. കോവിഡ്, ലോക്ഡൗൺ, ഓൺലൈൻ ക്ലാസ് എന്നിവ കുട്ടികളിലെ ഇന്റർനെറ്റ് ഉപയോഗം പരിധിയില്ലാതെ ഉയർന്നു. പണ്ട് കുട്ടികൾ സ്കൂളിൽ പോകുമ്പോൾ രക്ഷിതാക്കൾക്ക് രാവിലെ മുതൽ വൈകുന്നേരം




വരെ ആശ്വാസമായിരുന്നു. എന്നാൽ ലോക്ഡൗൺ വന്നതോടെ കുഞ്ഞുങ്ങളെ പുറത്തേക്ക് കളിക്കാൻ വിടാൻ കഴിയാത്ത സാഹചര്യമായി. വീട്ടിൽ വികൃതി കാണിക്കാതെ അടക്കിയൊതുക്കി ഇരുത്താൻ പറ്റുന്ന ഒരു ഉപാധിയായി മാറി മൊബൈൽ ഫോൺ. ഫോൺ കൈയിൽ കിട്ടുന്നതോടെ കുഞ്ഞുങ്ങൾ ഒരു മൂലയിൽ ഒതുങ്ങി അവരുടേതായ ലോകം മെനഞ്ഞെടുക്കുകയാണ്. കുടുംബാംഗങ്ങളെ തിരിച്ചറിയുവാനും, അവരോട് സംസാരിക്കുവാനും, മൊബൈൽ നെറ്റ്വർക്ക് തടസ്സപ്പെടുമ്പോൾ മാത്രം അവസരമുണ്ടാക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇങ്ങനെ പോയാൽ മൊബൈലിൽ മാത്രം ജീവിച്ച്, മരിക്കുന്ന ഒരു തലമുറയെ നമുക്ക് കാണേണ്ടി വരും.

# Artificial Intelligene

# മനുഷ്യന് എതിരാളി ആകുമോ?

**Slomo M. Mathew, IX B**

. എന്താണ് AI ? എന്താണ് AI യുടെ പ്രാധാന്യം?

. സയൻസ് ഫിക്ഷൻ സിനിമകൾ AIയെക്കുറിച്ച് പറയുന്നത് യാഥാർത്ഥ്യമാകുമോ?

. ജോലി രംഗത്ത് മനുഷ്യന് വെല്ലുവിളി ആകുമോ AI?

. ഈ ലോകത്ത് മനുഷ്യന് പ്രാധാന്യം കുറയുമോ?

എന്നൊക്കെയുള്ള ചോദ്യങ്ങൾ എഐ (AI - Artifical Intelligence) നമ്മുടെ മനസ്സിൽ ഉണ്ടാകാം. എഐയൊത്തുള്ള ജീവിതം മനുഷ്യന് സാധ്യമായത് 21–ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വിപ്ലവം ആണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

എഐ (AI - Artifical Intelligence) എന്ന വാക്ക് കേൾക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഈ ലോകത്തിൽ ചിന്തിച്ച് നൂതന ആശയങ്ങൾ കണ്ടെത്തുവാനുള്ള വിവേകം മനുഷ്യൻ മാത്രം ആയിരുന്നു എന്നാണ്. പക്ഷേ ഇന്ന് നമ്മുടെ ആധുനിക ലോകത്ത് മനുഷ്യബുദ്ധി
കൊണ്ട് വികസിപ്പിച്ചെടുത്ത, എഐ മനുഷ്യനെപ്പോലെ അല്ലെങ്കിൽ അതിലും മികച്ചതായി ചിന്തിക്കുവാൻ കഴിയും എന്നുള്ളതാണ്. ചിത്രം വരയ്ക്കുവാനും, ചിന്തിക്കുവാനും, മനുഷ്യനെപ്പോലെ സംസാരി ക്കുവാനും കഴിവുള്ള എഐ വരെ ഇന്ന് ലോകത്ത് ഉണ്ട്.



**എഐ വന്നതിലൂടെ മനുഷ്യജീവിതത്തിൽ വരാൻ പോകുന്ന മാറ്റങ്ങൾ**

ഇന്നത്തെ പല സയൻസ് ഫിക്ഷൻസിനുകളിലും മനുഷ്യരാശിയെ എഐ നശിപ്പിക്കും എന്ന ആശങ്കയിലേക്ക് എത്തിക്കുന്നു. പക്ഷേ ഇത് തീർത്തും ശരിയെന്ന് പറയുവാൻ സാധിക്കില്ല. മനുഷ്യൻ ഈ ലോകത്തിൽ വന്നിട്ട് ഏകദേശം 70,000 വർഷങ്ങൾ ആയി. 'അഗ്നി' പലപ്പോഴും മനുഷ്യന് ദോഷകരമായിരുന്നെങ്കിൽ പോലും വിവേകപൂർവ്വം അത് കൈകാര്യം ചെയ്യാൻ പഠിച്ച തിലൂടെ അവന്റെ പുരോഗമനവും ആരംഭിക്കുന്നു. ഇതുപോലെ തന്നെയാണ് എഐയും. ശരിയായി ഉപയോഗിച്ചാൽ ലോകത്തെ തന്നെ മാറ്റിമറിക്കാൻ നമുക്ക് സാധിക്കും.

**ജോലി രംഗത്ത് മനുഷ്യന് എഐ ഒരു വെല്ലിവിളിയോ?**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടന്നു വരുന്നത് മനുഷ്യർക്ക് ജോലി ചെയ്യാനുള്ള അവസര ങ്ങൾ ഇല്ലാതെയാക്കുമെന്നാണ് ഈ മേഖലയിലെ ഏറ്റവും വലിയ വിമർശനം. എന്നാൽ ഇതുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുതകൾ നോക്കുമ്പോൾ എഐ വികസന മേഖലയിൽ നിന്നു മുന്നേറി യഥാർത്ഥ ബിസിനസിലേക്കു കടന്നുവരുമ്പോൾ കാണുന്നത് ഒരു വ്യത്യസ്ഥമായ കാഴ്ചയാണ്. പുതുതലമുറ മാതൃകകൾ വികസിപ്പിച്ചു മാനവശേഷി കൂടുതൽ മികച്ച രീതിയിൽ പ്രയോജനപ്പെടു ത്തുക എന്നതാണ് പല എഐ ഉപയോഗങ്ങളിലും കാണാനാവുന്നത്. ആഗോള തൊഴിലാളി ഉൽപാദന ക്ഷമതയിൽ 2065 ഓടെ 0.8 മുതൽ 1.4% വരെ വർദ്ധന കൈവരിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

സഹായിക്കുമെന്നാണ് മെക്കൽസി ചൂണ്ടിക്കാണിക്കുന്നത്. തൊഴിൽ സേനയെ കൂടുതൽ ശക്തമാക്കാനുള്ള എഐയുമുണ്ട്.

സാങ്കേതിക വിദ്യ വളരുന്നതോടെ നഷ്ടമാകുന്ന ജോലികളെക്കാൾ കൂടുതൽ പുതിയ ജോലികൾ സൃഷ്ടിക്കപ്പെടുന്നു. കഴിഞ്ഞ 500 വർഷത്തെ വ്യാവസായിക സാങ്കേതിക മുന്നേറ്റ ചരിത്രവും ഇതുതന്നെയാണ് നമുക്ക് കാട്ടിതരുന്നത്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർ ഒഴിവാക്കപ്പെടുമ്പോൾ അതിലേറെ തൊഴിലവസരങ്ങൾ വൈദഗ്ദ്ധ്യം ആവശ്യമുള്ള മറ്റു മേഖലകളിൽ കൂട്ടിച്ചേർക്കപ്പെടും എന്ന് കാണാം.

**മനുഷ്യൻ എഐയോട് ഒത്തു ജീവിക്കുവാൻ സാധിക്കണം**

ഇപ്പോഴത്തെ ഏറ്റവും ശക്തമായ എഐയാണ് ചാറ്റ് GTP (Chat GTP). നാം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉടനടിതന്നെ ഉത്തരം നൽകുന്നു. ഇത് നല്ലതാണെങ്കിലും ഇത് അമിതമായി ഉപയോ ഗിക്കുമ്പോൾ നമ്മുടെ ചിന്താശേഷിയെ കുറയ്ക്കുന്നു.

ഇപ്പോഴുള്ള നമ്മുടെ പല എഐകൾക്കും പല ദോഷങ്ങളും ഉണ്ട്. ഇത് വിവിധതരം പ്രശ്നങ്ങൾ സൃഷ്ടിക്കാം. എങ്കിലും നാം മനസ്സിലാക്കേണ്ടത് ഇത് എഐ ലോകത്തെ തുടക്കം മാത്രമാണ്. പല തത്വചിന്തകന്മാരും പറയുന്നതുപോലെ 21-ാം നൂറ്റാണ്ട് എഐ (AI - Artifical Intelligence) ശരിയായി ഉപയോഗിക്കാൻ പഠിക്കുന്നതുപോലെ അത് മാറ്റങ്ങൾക്കു വഴിയൊരുക്കുന്നു.

# കോവിഡിനുശേഷമുള്ള ആരോഗ്യം

**Ann Mary Biju , IX B**

ലോകമെമ്പാടുമുള്ള കൊറോണ വൈറസ് കേസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ രോഗം കേവലം ജലദോഷം അല്ലെങ്കിൽ പനി പോലുള്ള അണുബാധയല്ലെന്ന് കൂടുതൽ വ്യക്തമായിക്കൊ ണ്ടിരിക്കുകയാണ്. ഇത് എല്ലാ പ്രായത്തിലുമുള്ള ആളുകൾക്ക് വ്യത്യസ്ഥ തലങ്ങളിലാണ് അപകട സാദ്ധ്യത വർദ്ധിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ മറ്റുള്ളവരെ അപേക്ഷിച്ച് പല വിധത്തിലുള്ള രോഗങ്ങൾ ഉള്ളവർ, രോഗപ്രതിരോധ ശേഷി കുറയുന്നവർ എന്നിവരെയാണ് ഇത് ഗുരുതരമായി ബാധിക്കുന്നത്. രോഗപ്രതിരോധ ശേഷി വർദ്ധിക്കണമെങ്കിൽ ശരിയായി ഭക്ഷണശൈലി ഓരോ വ്യക്തിയിലും ഉണ്ടാവണം. ശരിയായ ഭക്ഷണരീതി ഇല്ലാത്ത മനുഷ്യനിൽ പ്രതിരോധശേഷി കുറയും. അതു മൂലമുണ്ടാകുന്ന രോഗങ്ങൾ മനുഷ്യനെ നല്ലതായി ബാധിക്കും. അതിൽ പ്രധാനമായും ശ്വാസനസംബന്ധമായ പ്രശ്നങ്ങൾ പലരിലും ഉണ്ടാവുന്നുണ്ട്. പലർക്കും വൈറസ് സാന്നിദ്ധ്യം കുറയുന്നുണ്ടെങ്കിലും ചുമ, ജലദോഷം, പനി, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ അസുഖത്തെ നേരിട്ടതിന് ശേഷം ആഴ്ചകളോളം തുടങ്ങും. സുഖം പ്രാപിച്ച രോഗികൾ ആശുപത്രിയിൽ നിന്ന് മടങ്ങുന്നു. എന്നാൽ പിന്നീട് ഹൃദയസംബന്ധമായ പ്രശ്നങ്ങൾ, മാനസിക ക്ലേശങ്ങൾ എന്നിവ ഉണ്ടെന്നാണ് പറയുന്നത്.



# കോവിഡിന് ശേഷമുള്ള മാനസിക സമ്മർദ്ദം

**Ancy C.Sunny , IX A**

കോവിഡ് 19 രോഗികളിൽ മാനസിക രോഗങ്ങൾ ഉണ്ടാകുന്നതായി ഗവേഷണ ഫലം. ഇറ്റലിയിലെ മിലാനിലെ സാൻ റഫാലെ ആശുപത്രിയിലെ ഗവേഷകർ പഠനം നടത്തിയ കോവിഡ് 19 രോഗികളിൽ നല്ലൊരു പങ്കിനും മാനസിക രോഗങ്ങൾ ഉണ്ടായതായി കണ്ടെത്തി. 402 പേരിലാണ് പഠനം നടത്തിയത്. ഇവരിൽ ഭൂരിപക്ഷത്തിനും ഒരു അപകടം സംഭവിച്ചു കഴിഞ്ഞാൽ മനുഷ്യൻ കടന്നു പോകുന്ന മാനസിക പ്രശ്നങ്ങൾ (പി ടി എസ് ഡി), വിഷാദം, ആകാംക്ഷ തുടങ്ങിയവ ഉണ്ടായിരുന്നു. മാനസികാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, ആകാംക്ഷ പ്രശ്നങ്ങൾ, ഉറക്കമില്ലായ്മ പോലുള്ള രോഗങ്ങൾ കോവിഡ് 19 രോഗത്തിൽ നിന്നും മുക്തി നേടിയവരിൽ ഉണ്ടാകാനുള്ള തെളിവുകളാണ് പഠനത്തിൽ ലഭിച്ചത്. കോവിഡ് 19 ചികിത്സ കഴിഞ്ഞ് ആശുപത്രി വിട്ടശേഷമാണ് രോഗമുക്തരുടെ മാനസിക പരിശോധന നടത്തിയത്. 55.7 ശതമാനം പേരും ഏതെങ്കിലുമൊരു മാനസിക പ്രശ്നം ഉള്ളതായി സ്വയം റിപ്പോർട്ട് ചെയ്തു. പി ടി എസ് ഡി ഉണ്ടായതായി 28 ശതമാനം പേരും വിഷാദം ഉണ്ടായതായി 31 ശതമാനം പേരും ആകാംക്ഷ ഉണ്ടായതായി 42 ശതമാനം പേരും ഒബ്സസീവ് കമ്പൽസീവ് ലക്ഷണങ്ങൾ ഉള്ളതായി 20 ശതമാനം പേരും ഉറക്കമില്ലായ്മ 40 ശതമാനം പേരും പറഞ്ഞു. സ്ത്രീകൾ പ്രത്യേകിച്ച് മുമ്പ് മാനസിക പ്രശ്നങ്ങൾ ഉണ്ടായിരുന്നവർ കൂടുതൽ പോയിന്റുകൾ നേടി. യുവാക്കളായ രോഗികൾ



കൂടുതലായി വിഷാദവും ഉറക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉണ്ട്. രോഗി ആശുപത്രിയിൽ കഴിഞ്ഞ ദിവസങ്ങളുടെ എണ്ണവും ഈ മാനസിക പ്രശ്നങ്ങളും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഗവേഷകർ കണ്ടെത്തി. 402 പേരിൽ 36 രോഗികളിൽ കോവിഡിന് മുമ്പ് കടുത്ത വിഷാദരോഗം ഉണ്ടായിരുന്നു. 28 പേരിൽ പൊതുവിലെ ആകാംക്ഷയും 20 പേരിൽ അൽപനേരത്തേക്ക് അമിത ഉൽകണ്ഠ ഉണ്ടാക്കുന്ന പ്രശ്നവും അഞ്ചു പേർ ബൈപോളാറും മൂന്ന് പേരിൽ ഭക്ഷണം കഴിക്കുന്നതിലെ പ്രശ്നങ്ങളും നാല് പേരിൽ മറ്റു രോഗങ്ങളും ഉണ്ടായിരുന്നു. കോവിഡ് 19 മുക്തമായശേഷം ഈ രോഗികളിൽ കൂടുതൽ ആഘാതമുണ്ടായി. രോഗം മാറിയശേഷം 10 മുതൽ 35 ശതമാനം പേരിൽ വരെ മാനസിക പ്രശ്നങ്ങൾ ഉണ്ടാകുമെന്ന മറ്റു കൊറോണ വൈറസ് പഠനവുമായി ചേർന്ന് പോകുന്നതാണ് പുതിയ പഠനവും. രണ്ട് തരത്തിലാണ് ഇത് സാധ്യമാകുന്നത്. ഒന്ന് വൈറസ് നേരിട്ട് മനുഷ്യന്റെ കേന്ദ്ര നാഡീവ്യവസ്ഥയെ ബാധിക്കുന്നു, മറ്റൊന്ന് നേരിട്ടല്ലാതെ രോഗപ്രതിരോധ പ്രതികരണത്തിലൂടെ. ഒരു രോഗാണു ബാധ ശരീരത്തിലെ രോഗപ്രതിരോധ സംവിധാനത്തെ ഉത്തേജിപ്പിക്കുമ്പോൾ മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നുവെന്ന് പഠനങ്ങളിൽ പറയുന്നു. കൊറോണ വൈറസിനെതിരായ രോഗപ്രതിരോധ ശേഷിയുടെ പ്രതികരണമായ സൈറ്റോകൈൻ കൊടുങ്കാറ്റ് രോഗിയിൽ മാനസിക പ്രശ്ന ലക്ഷണങ്ങൾക്ക് കാരണമാകുന്നു. കോവിഡ് 19 രോഗികളുടെ ന്യൂറോളജിക്കും നാഡീ സംബന്ധമായ ലക്ഷണങ്ങളും മൂന്ന് ഇറ്റാലിയൻ സ്ഥാപനങ്ങൾ മെയ് മാസത്തിൽ പഠിച്ചിരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന 725 രോഗികളുടെ വിവരങ്ങളാണ് പഠിച്ചത്. 59 ശതമാനം പേരിൽ മാനസിക നിലയിൽ മാറ്റം വന്നു, 31 ശതമാനം പേർക്ക് പക്ഷാഘാതം ഉണ്ടായി. അവ രണ്ടുമാണ് ഏറ്റവും സാധാരണമായി കാണുന്ന നാഡീ സംബന്ധമായ പ്രശ്നങ്ങൾ. 12 ശതമാനം പേർക്ക് തലവേദന ഉണ്ടായി, ചുഴലി ഒമ്പത് ശതമാനം പേർക്കും തലചുറ്റൽ നാല് ശതമാനം പേർക്കും ഉണ്ടായി. മുതിർന്നവരിൽ മാനസിക നിലയിലെ മാറ്റം കൂടുതൽ കണ്ടു.

# കോവിഡ് കാലത്ത്
# IT ക്ക് വന്ന മാറ്റം

**P.N.Krishnanunni , IX B**

കോവിഡ് 19 പോലുള്ള ഒരു പകർച്ച വ്യാധിയെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ IT മേഖല യ്ക്ക് ഒരു പരിധിവരെ സഹായിക്കാൻ കഴിയും. നിരന്തരമായ ഭയത്തിന്റെയും പ്രതിസന്ധി യുടെയും ഈ ഘട്ടത്തിൽ സാങ്കേതിക വിദ്യ സ്വീകരിക്കാനുള്ള ജനങ്ങളുടെ തയ്യാറെടുപ്പ് എടുത്തു പറയേണ്ട വസ്തുത തന്നെയാണ്. ഇതുവരെ നമ്മൾ അസാധ്യമാണ് എന്നു കരുതിയ സംഭവങ്ങളെ സാധ്യമാക്കി തീർക്കുകയായിരുന്നു കോവിഡ് കാലത്തെ സാങ്കേതിക വിദ്യ.

കോവിഡ് 19 പടർന്നുപിടിച്ചപ്പോൾ ലോകരാജ്യങ്ങൾ എല്ലാം തന്നെ സ്കൂളുകളും കോളേജുകളും മാസങ്ങളോളം അടച്ചുപൂട്ടി ഇടേണ്ടതായി വന്നു. പകർച്ചവ്യാധിമൂലം വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളും അവരുടെ കോഴ്സുകൾ ഓൺലൈനിൽ ചെയ്യാൻ തുടങ്ങി. അക്കാലത്ത് കുട്ടികളുടെ ഒത്തുചേരൽ വീഡിയോ ചാറ്റിലൂടെയും ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെയും മാത്രമേ നടന്നിരുന്നുള്ളൂ.

ഈ സമയത്ത് ഓൺലൈൻ ഗെയിമുകൾ കളിക്കുന്നതിലും കാര്യമായ വളർച്ചയുണ്ടായി. കോവിഡ് 19 സമ്മർദ്ദത്തെ നേരിടാൻ ആളുകൾ ഗെയിമുകൾ ഒരു ഓപ്ഷനായി ഉപയോഗപ്പെടുത്താൻ തുടങ്ങി. കോവിഡ് 19 പാൻഡമിക് സമയത്ത് ഒറ്റപ്പെട്ട കുട്ടികളും കൗമാരക്കാരും അവരുടെ മാനസിക വേദനയെ നേരിടുകയും സാമൂഹിക ഒറ്റപ്പെടൽ ഒഴിവാക്കുകയും ചെയ്തതിന്റെ ഫലമായി ഗെയിമിംഗ് സമയം വർദ്ധിപ്പിച്ചതായി കണ്ടെത്തി. കൃത്യമായ മേൽനോട്ടം നൽകേണ്ട അവരുടെ മാതാ പിതാക്കളും പകർച്ചവ്യാധി മൂലമുണ്ടായ സമ്മർദ്ദം കാരണം ഉചിതമായ പിന്തുണ



നൽകുന്നതിൽ പരാജയപ്പെട്ടു. ഡിജിറ്റൽ ലോകത്തെ കൂടുതലായി പരിചയപ്പെടാനും അതിന് അഡിക്റ്റ് ആവാനും കോവിഡ് കാലഘട്ടം വഴിയൊരുക്കി.

ക്യാറന്റൈനിൽ കഴിയുന്ന ആളുകളുടെ സഞ്ചാരം നിരീക്ഷിക്കാനും സാങ്കേതിക വിദ്യ സഹായിച്ചിട്ടുണ്ട്. ഫേഷ്യൽ റെക്കഗ്നിഷൻ ഫീച്ചർ ഉപയോഗിച്ച് പ്രവർത്തന ക്ഷമമായിട്ടുള്ള സി.സി.ടി.വി ക്യാമറകൾ ക്യാറന്റൈൻ ചെയ്തിട്ടും നിയമങ്ങൾ പാലിക്കാതെ വീടിന്റെ പുറത്തിറങ്ങുന്ന രോഗബാധിതരെ തിരിച്ചറിയാൻ സഹായിച്ചു.

പകർച്ച വ്യാധിസമയത്ത് ഓൺലൈൻ പലചരക്ക് വിപണി ശക്തിപ്രാപിച്ചു. കൊച്ചു കുട്ടികൾ ഉള്ള കുടുംബങ്ങൾ അവരുടെ പലചരക്ക് ഓർഡറുകൾ ഓൺലൈനായി നൽകാൻ തീരുമാനിച്ചു. കോവിഡിന് മുൻപ് എല്ലാവരും തിയേറ്ററുകളിൽ പോയി ആയിരുന്നു സിനിമകൾ കണ്ടിരുന്നതെങ്കിൽ കോവിഡ് 19 പാൻഡമിക്കിൽ ഇത് പൂർണ്ണമായും മാറ്റമറിച്ചു. തത്സമയ ഷോകളുടെയും കച്ചേരിക ളുടെയും ഓൺലൈൻ സ്ട്രീമിംഗ് ലോകമെമ്പാടും ട്രാക്ഷൻ സ്ട്രിയിട്ടു ആമസോൺ പ്രൈം വീഡിയോ, ഹോട്ട്സ്റ്റാർ തുടങ്ങിയ ഓവർ ദി ടോപ്പ് ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമുകൾ വഴി നിരവധി ഫിലിം പ്രൊഡക്ഷൻ കമ്പനികളും അവരുടെ സിനിമകൾ റിലീസ് ചെയ്യുന്നു. ഒ.റ്റി.റ്റി. പ്ലാറ്റ് ഫോമുകളിലെ വൈവിധ്യമാർന്ന വിശദാംശ ത്തിന്റെ കൂട്ടിച്ചേർക്കലുകളോടെ ലോകമെമ്പാടുമുള്ള ആളുകളുടെ വ്യത്യസ്ത താൽപര്യ ങ്ങൾ ഒ.റ്റി.റ്റി.നിറവേറ്റുന്നു.

സാങ്കേതികവിദ്യ കോവിഡ് കാലത്ത് വളരെയേറെ ആരോഗ്യ പ്രവർത്തകരെ സഹായി ച്ചിട്ടുണ്ട്. ആരോഗ്യസേതു പോലുള്ള കോൺടാക്റ്റ് ട്രെയ്സിംഗ് ആപ്പുകൾ കോവിഡ് 19 വ്യാപനം ട്രക്ക് ചെയ്യാൻ സഹായിച്ചിട്ടുണ്ട്. ആളുകളെ ബോധവൽക്കരിക്കാനും, മുൻ കരുതലുകൾ എടുക്കാൻ സാങ്കേതികവിദ്യ സഹായിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ. ജിയോ തുടങ്ങിയ ടെലികോം ഓപ്പറേറ്റർ മാർ മഹാമാരിയെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കാൻ കോളർ ട്യൂണുകൾ ഉപയോഗിച്ചിരുന്നു.

കൊറോണ രോഗവ്യാപനം നിയന്ത്രിക്കുന്നതിന് സാമൂഹിക അകലം പാലിക്കൽ, ഒത്തുചേരലുകളുടെ പരിമിതി, യാത്രാനിയന്ത്രണം എന്നിങ്ങനെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികൾ എല്ലാം വ്യക്തികളുടെയും ശാരീരിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ജിമ്മുകൾ, പാർക്കുകൾ, വിനോദ പ്രവർത്തനങ്ങളുടെ നിയന്ത്രണം എന്നിവ കാരണം വ്യക്തികളുടെ ജീവിതത്തെ സാരമായി ബാധിക്കുന്നു. ലോക്ഡൗണിന്റെ ഈ ദിവസങ്ങളിൽ കേമമായ ശാരീരിക പ്രവർത്തനങ്ങൾ നിലനിർത്താൻ സഹായിക്കുന്ന വിവിധ മൊബൈൽ അധിഷ്ഠിത ആരോഗ്യ ആപ്ലിക്കേഷനുകൾ ലഭ്യമാ ക്കിയിട്ടുണ്ട്.

ഇന്റർനെറ്റ്, വെർച്വൽ മീറ്റിംഗുകൾ, ക്ലൗഡ് കോൺഫറൻസിംഗ് മുതലായവ വീട്ടിലിരുന്ന് എളുപ്പത്തിൽ ജോലി ചെയ്യാൻ പ്രൊഫഷണലുകളെ സഹായിച്ചിട്ടുണ്ട്. വർക്ക് ഫ്രം ഹോം വിവിധ കമ്പനികൾക്ക് തുടർച്ച ഉറപ്പാക്കിയിട്ടുണ്ട്. പകർച്ചവ്യാധിയെ സമയ ബന്ധിതമായി കൈകാര്യം ചെയ്യാൻ സാങ്കേതിക വിദ്യകൾ സഹായിക്കുന്നുവെന്ന് കോവിഡ് 19 തെളിയിച്ചു. കോവിഡ് വ്യാപനം കൊണ്ട് ഉണ്ടാക്കുവാൻ ഇടയുള്ള പ്രതിസന്ധികളെ നേരിടാൻ മുൻകൂട്ടി തയ്യാറെടുക്കണം എന്നതാണ്. അതിന് സാങ്കേതിക വിദ്യയിലെ പുരോഗതി നമ്മെ വളരെയധികം സഹായിക്കുന്നു.

# കൊറോണ എന്ന മഹാവിപത്ത്

**Gowri Suresh**

ഓരോ ദിനവും എന്നും കടന്നുപോകുന്നതുപോലെ പോയി. ഒരു നാൾ നാം കേൾക്കുന്നു കൊറോണ എന്ന വിപത്ത് നമ്മുടെ കേരളത്തിലും എത്തിയിരിക്കുന്നു എന്ന്. അന്ന് ഇത് എന്താണന്നോ എങ്ങനെ ബാധിക്കുന്നു എന്നോ ഒന്നും അറിയില്ല. പക്ഷേ ആ പേര് കേട്ടപ്പോൾ മുതൽ ഇതുവരെ ഇല്ലാത്ത ഒരു ഭയം എന്റെ ഉള്ളിൽ അനുഭവപ്പെട്ടു. പിന്നീട് എല്ലാ ദിനങ്ങളിലും ഈ മഹാമാരിയെപ്പറ്റി നമുക്ക് ഓരോരുത്തരും പറഞ്ഞു തന്നു. പക്ഷേ അന്ന് അനുഭവപ്പെട്ട ആ ഭയം ഉള്ളിൽ അങ്ങനെ തന്നെ കിടന്നു.

ആ ഭയത്തിനും അപ്പുറമായിരുന്നു ജീവിതത്തിന്റെ അവസ്ഥ. ജോലി നഷ്ടപ്പെട്ട കുടുംബനാഥൻ വീട്ടിൽ തിരികെയെത്തി. സ്കൂളുകൾ അടച്ചതോടെ കുട്ടികളുടെ പഠനവും വീട്ടിൽ തന്നെ ഇനി മുന്നോട്ട് എങ്ങനെ എന്ന ചിന്ത ശാരീരികമായും മാനസികമായും അലട്ടിക്കൊണ്ടേയിരുന്നു. മറുവശത്ത് രോഗഭീഷണി. അകത്തളങ്ങളിൽ അടച്ചിട്ട ദിനങ്ങൾ ഇന്നും ഒരു നെടുവീർപ്പോടെ ഓർക്കുന്നു. അയൽവീടുകൾ തമ്മിൽ പോലും ഒരു സഹകരണവും ഇല്ലാത്ത തമ്മിൽ പോലും ഒരു സഹകരണവും ഇല്ലാത്ത അവസ്ഥ. ഇത് എന്ത് നാം വേറെ ഒരു ലോകത്താണോ ജീവിക്കണത്. ഏത് ഒരു മനുഷ്യനും എന്നും ഓർമ്മകളിൽ സൂക്ഷിക്കുന്ന ഒരു കാലം.

ആ കാലത്തിനപ്പുറം ഇന്ന് നാം പുതു ജീവിതത്തിലേക്ക് തിരികെയെത്തി. കുഞ്ഞുങ്ങൾ സ്കൂളിൽ പോകാൻ തുടങ്ങിയതും, നഷ്ടപ്പെട്ട ജോലി കുടുംബനാഥന് കിട്ടിയതും എല്ലാം ഒരു സ്വപ്നമാണോ അതോ യാഥാർത്ഥ്യമാണോ എന്നു തോന്നും.



# കൊറോണയ്ക്കുശേഷമുള്ള പഠനം

**Amal , IX A**

കൊറോണ എന്നത് ഒരു ഭീകരാവസ്ഥയാണ്. നാമെല്ലാം അനുഭവിച്ചു മറന്ന ഒരു അവസ്ഥ യായിരുന്നു കൊറോണ. നമുക്ക് നമ്മുടെ ജീവിതത്തിൽ ഇതുവരെ ഇല്ലാത്ത ജീവിത ചിട്ടകൾ വന്നിരുന്നു. ആ ചിട്ടകൾ എന്തെന്ന് വെച്ചാൽ പുറത്ത് ഇറങ്ങുമ്പോൾ പോലും മാസ്ക് നിർബന്ധ മായിരുന്നു. അതുപോലെ തന്നെയായിരുന്നു സാനിറ്റൈസറുകളും. അതുപോലെ തന്നെ നമുക്ക് വേണ്ടപ്പെട്ടവർ നമുക്ക് നഷ്ടമാകുകയും ചെയ്തു. ഈ പേമാരി വന്നതോടുകൂടി കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിൽ മുടക്കമുണ്ടായി. അതിനെ അതിജീവിക്കാൻ നമ്മൾ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു. അത് സാധാരണ പാവപ്പെട്ട കുട്ടികളെ ഈ ഓൺലൈൻ ക്ലാസ് പ്രതിസന്ധിയിൽ ആഴ്ത്തി. ഇതുപോലെയുള്ള സാധാരണ കുടുംബത്തിന്റെ ഗൃഹനാഥൻ ആ കുടുംബത്തെ ഓരോ ദിവസവും തള്ളിനീക്കുന്നത് കഷ്ടപാടിലാണ്. എന്നാൽ കുറെ നല്ല മനസ്സുകളുടെ ഉടമകൾ പാവപ്പെട്ട കുട്ടികൾക്ക് ഓരോ ഫോൺ സ്പോൺസർ ചെയ്തിരുന്നു. അത് ഇതുപോലെയുള്ള പാവപ്പെട്ട കുട്ടികളെ ഈ പ്രതിസന്ധിയിൽ നിന്ന് അകറ്റി. അതുപോലെ തന്നെ ഈ മൊബൈൽ ഫോൺ കുട്ടികളുടെ കൈകളിൽ എത്തിയപ്പോൾ അത് ചില കുട്ടികൾ അനാവശ്യ കാര്യങ്ങൾക്ക് ഏർപ്പെട്ടു. അത് അവരുടെ ഭാവിയെ നല്ലപോലെ ബാധിച്ചു. അത് കുറെ കുട്ടികളുടെ സത്യസന്ധ തയെ ബാധിക്കുകയും ചെയ്തു. അതുപോലെ തന്നെ ഈ ഓൺലൈൻ ക്ലാസ് കാരണം ചില കുട്ടികൾ ക്രൈമുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അതുപോലെ തന്നെ മയക്കുമരുന്നു ഇടപാടുകളും കുട്ടികൾ ഫോണിൽ കൂടെ നടത്താൻ തുടങ്ങുകയും ചെയ്തു. ഈ കൊറോണ എന്ന പേമാരിക്ക് മുമ്പ് കുട്ടികൾ കളിക്കുകയും ഉല്ലസിക്കുകയും ചെയ്തു. അത് അവരുടെ ആരോഗ്യത്തിന് മികവുണ്ടായി. പക്ഷേ കൊറോണ എന്ന പേമാരിക്ക് ശേഷം അവരുടെ സന്തോഷം അവർ പോക്കറ്റിൽ വെച്ചാണ് കൊണ്ടു പോകുന്നത്. ഒരു ചെറിയ സാധനത്തിലാണ് അവർ അവരുടെ സന്തോഷം കണ്ടെത്തുന്നത്.




അവർ ചില ഗെയിമുകൾക്ക് അടിമകളായി. കുട്ടികൾ ഇപ്പോൾ രോഗങ്ങൾക്ക് അടിമകളുമായി. ഇത് അവരുടെ ആരോഗ്യത്തിന് പ്രശ്നമുണ്ടാക്കി. ഇതാണ് കൊറോണ യ്ക്കു ശേഷം കുട്ടികളുടെ സ്ഥിതി. ഇത് വളരെ സങ്കടകരമായ കാര്യമാണ്. അതിനാൽ അമ്മമാർ അവരുടെ കൈകളിൽ ഇരിക്കുന്ന വിലകൂടിയ മൊബൈൽ ഫോണുകൾ എടുത്ത് അവർക്ക് അത് ആവശ്യത്തിനു മാത്രം നൽകുക. അല്ലെങ്കിൽ നിങ്ങൾതന്നെ നിങ്ങളുടെ കുട്ടികളെ നരകത്തിലേക്കാണ് കടത്തിവിടുക

.

# വ്യാജ സന്ദേശങ്ങളിൽ വീഴരുത്

**Aksa Ani, IX B**

ഒരു ഗ്രാമത്തിൽ അച്ഛനും അമ്മയ്ക്കും 18 വയസ്സായ ഒരു മകളും 14 വയസ്സായ ഒരു മകനും ഉണ്ടായിരുന്നു. അവിടെ ഒരു മുത്തച്ഛനും മുത്തശ്ശിയും കൂടെ ഉണ്ടായിരുന്നു. അവർ കൂലിപ്പണി ചെയ്താണ് ആഹാരത്തിനുള്ള കാശ് കണ്ടെത്തിയിരുന്നത്. അങ്ങനെയിരിക്കുമ്പോൾ ആ സമയത്ത് കൊറോണ എന്ന മഹാവ്യാധി രാജ്യത്തെ വേട്ടയാടാൻ തുടങ്ങി. ഈ വ്യാധി പ്രായക്കൂടുതലുള്ളവരെ പെട്ടെന്ന് ബാധിച്ചു. പ്രതിരോധശേഷിയില്ലാത്തവർ മരിച്ചുപോവുകയും ചെയ്തു. ഇത് മുഖേന രാജ്യത്ത് പല വ്യാജവാർത്തകളും വ്യാപിക്കാൻ തുടങ്ങി. ഈ വാർത്തകളാൽ ജനങ്ങൾ വളരെ ഭയപ്പെട്ടു. ഇതിൽ നിന്ന് മോചനം ലഭിക്കാനായി പല മരുന്നുകളുടെ പരസ്യങ്ങളും ജനങ്ങൾ കണ്ട് അത് വാങ്ങി കഴിക്കാൻ തുടങ്ങി. അത് വ്യാജമരുന്നുകൾ ആണെന്ന് അവർ അറിഞ്ഞില്ല. ആ മരുന്ന് മുത്തച്ഛനും വാങ്ങി കഴിച്ചു. മരുന്ന് കഴിച്ച് കഴിഞ്ഞപ്പോൾ മുത്തച്ഛന് അസുഖം കൂടുതലായി. ആശുപത്രിയിൽ എത്തിച്ചെങ്കിലും മുത്തച്ഛന്റെ ജീവൻ രക്ഷിക്കാൻ അവർക്ക് കഴിഞ്ഞില്ല. ജനങ്ങളുടെ വ്യാജമായ സന്ദേശങ്ങൾ മുഖേന നമ്മുടെ രാജ്യത്ത് ഓരോ ജീവനും നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊന്നും സംഭവിക്കാതിരിക്കാനായി ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം മരുന്നുകൾ കഴിക്കുക.



# റോബോട്ടും മനുഷ്യനും തമ്മിലുള്ള സംഭാഷണം

**Zachariah Thomas , IX A**

മനുഷ്യൻ – നമസ്കാരം റോബോ

റോബോട്ട് – നമസ്കാരം

മനുഷ്യൻ – റൊബോക്ക് സുഖമാണോ

റോബോട്ട് – എനിക്ക് സുഖമാണ്

മനുഷ്യൻ – ഞാൻ ഇന്ന് റോബോയോടു കുറച്ചു ചോദ്യങ്ങൾ ചോദിക്കാൻ പോവു കയാണ്. റോബോ ഉത്തരം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

റോബോട്ട് – തീർച്ചയായും നിങ്ങളുടെ ഓരോ ചോദ്യത്തിനും ഞാൻ ഉത്തരം നൽകും

മനുഷ്യൻ – എന്റെ ആദ്യത്തെ ചോദ്യമിതാണ്. റോബോയെ നിർമ്മിച്ചത് ആരാണ്.

റോബോട്ട് - ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ റോബോട്ടിക്സ് കമ്പനിയായ FANUC (FUJI AUTOMATIC NUMERICAL CONTROL) ആണ് എന്നെ നിർമ്മിച്ചത്.

മനുഷ്യൻ - ഒക്കേ റോബോ, എന്റെ അടുത്ത ചോദ്യം ഇതാണ്. റോബോയ്ക്ക് എന്തും ചെയ്യാൻ പറ്റുമോ? എങ്കിൽ എന്നെ ഒന്നു സഹായിക്കുമോ.

റോബോ - എനിക്ക് എന്തും ചെയ്യാൻ സാധിക്കില്ല! എനിക്ക് കുറച്ച് പരിധികളുണ്ട്. അതിനുള്ളിൽ നിന്ന് ഞാൻ താങ്കളെ സഹായിക്കും.

മനുഷ്യൻ - എങ്കിൽ എന്റെ നാളത്തെ കണക്കിന്റെ ഗൃഹപാഠം ചെയ്യാൻ സഹായിക്കുമോ. ടീച്ചർ അറിയാതെ.

റോബോ - തീർച്ചയായും. ഞാൻ താങ്കളെ സഹായിക്കാം.

മനുഷ്യൻ - നന്ദി റോബോ. എന്റെ അടുത്ത ചോദ്യം. നമ്മുടെ രാജ്യത്തിന്റെ പുരോഗമനത്തിനായി നിങ്ങൾ എന്തു ചെയ്യും.

റോബോ - റോബോട്ടിക്സ് എന്നു പറയുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസും മനുഷ്യന്റെ ബുദ്ധിയും വിവേകവും ഒത്തു ചേർന്നാൽ നമ്മുടെ രാജ്യത്തെ വികസനത്തിലെത്തിക്കുവാൻ നമുക്ക് സാധിക്കും.

മനുഷ്യൻ - നമുക്ക് അങ്ങനെ ഒരു രാജ്യത്തെ വാർത്തെടുക്കുവാൻ സാധിക്കട്ടെ. നമ്മൾ ചില സിനിമകളിൽ കണ്ടിട്ടുണ്ട്. റോബോട്ടുകൾ മനുഷ്യനെ നശിപ്പിക്കുവാൻ ശ്രമിക്കുന്നത്. അത് നമ്മുടെ ഈ ലോകത്ത് സംഭവി ക്കുമോ.

റോബോ - തീർച്ചയായുമില്ല. റോബോട്ടുകളെ നിർമ്മിക്കുന്നത് മനുഷ്യരാണ്. അവരുടെ ജീവിതത്തെ സുഖമാക്കുക എന്നതാണ് ഞങ്ങളുടെ കടമ. അതു ഞങ്ങൾ ആ കടമ കൃത്യമായി ചെയ്യും.

മനുഷ്യൻ - റോബോ എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അല്ലെങ്കിൽ നിർമ്മിത ബുദ്ധി?

റോബോ - നിർമ്മിത ബുദ്ധി എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അത് ലക്ഷ്യമിടുന്ന കമ്പ്യൂട്ടർ ശാഖയെ കുറിക്കാൻ ഉപയോഗിക്കാൻ പദമാണ്.

മനുഷ്യൻ - ഈ നിർമ്മിത ബുദ്ധി അല്ലെങ്കിൽ റോബോട്ടിക്സ് ഇന്ന് എവിടെയൊ ക്കെയാണ് ഉപയോഗിക്കുന്നത്.

റോബോ - ഇന്ന് നമ്മുടെ ലോകത്തിൽ എല്ലാ ഇടത്തും നിർമ്മിത ബുദ്ധി ഉപയോ ഗിക്കുന്നുണ്ട്. ഉദാ: നമ്മൾ ഉപയോഗിക്കുന്ന സേർച്ച് എഞ്ചിനുകളായ ഗൂഗിൾ പോലെയുള്ള മാധ്യമങ്ങളിൽ വോയിസ് സേർച്ച് നടക്കുന്നത് ഈ നിർമ്മിത ബുദ്ധികാരണമാണ്. അങ്ങനെ പലയിടത്തും ഈ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു.

മനുഷ്യൻ - ഇത്രയും നേരം ഞങ്ങളുടെ ചോദ്യങ്ങൾക്ക് റോബോ ഉത്തരം നൽകി.

വളരെ നന്ദിയുണ്ട് റോബോ.


റോബോ -നിങ്ങളോടൊപ്പം സമയം ചിലവഴിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. നന്ദി



# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

**Jiya Thomas, IX B**

കൃത്രിമമാണെങ്കിലും യഥാ-
ർത്ഥവുമാണ്
മനുഷ്യനല്ലെങ്കിലും തലച്ചോറുണ്ട്
വികാരങ്ങൾ ഇല്ലെങ്കിലും
എങ്ങനെ വികാരം പ്രകടി-
പ്പിക്കണമെന്ന് പഠിപ്പിക്കും
ഭക്ഷണം കഴിക്കുന്നില്ലെങ്കിലും
പാചകം ചെയ്യാൻ പഠിപ്പിക്കും
എഴുതുന്നില്ലെങ്കിലും എഴുതാൻ
പഠിപ്പിക്കും
ഇതുവരെ പഠിച്ചിട്ടില്ലെങ്കിലും
പഠനത്തിനുള്ള നുറു-
ങ്ങുകൾ നൽകും
ഡിപ്ലോമ ഇല്ലെങ്കിലും എല്ലാ
ബിരുദങ്ങളിലും മാസ്റ്റർ
എല്ലാത്തിന്റെയും യജമാനൻ
ആണെനാലറും ചിലപ്പോൾ
കുഴപ്പങ്ങൾതന്നെ
മനുഷ്യരെപ്പോലെ ചിലപ്പോൾ
മടുപ്പുതോന്നുന്നു.



# കൊറോണ


**Nanma Sera Rajeev , IX A**

കുഞ്ഞനാണവൻ കാണാൻ കഴിയില്ല
പക്ഷേ കാണാൻ പറ്റാത്ത ലോകത്തേക്ക്
കുറേപേരെ കൊണ്ടുപോയി......
കുഞ്ഞനാണവൻ രുചിയില്ല മണമില്ല
പക്ഷേ കുറേപേരുടെ മണവും രുചിയും
അവൻ കൊണ്ടുപോയി.....
കിരീടമുണ്ട് ഓടിചാടി നടക്കുന്നു, കൊച്ചുകുഞ്ഞല്ലവൻ
കാണുന്നവരെ ക്വാറന്റയീനിലേക്ക്
അവൻ കൊണ്ടുപോയി....
നിറമില്ല മണമില്ല മനസാക്ഷിയില്ല
അവനെ ഇനിയും കാണല്ലെ ഈശ്വരാ
സോപ്പിന്റെ ധൈര്യം തരണേ.....

# Ivory Throne:
# A tribute to Maharani Sethu Lakshmi Bayi.

**Rishikesh R Pillai, IX A**

Ivory Throne is Manu. S. Pillai's first book and a historical narrative which unravels the untold story of Travancore during the reign of Maharani Sethu Lakshmi Bayi. The story fascinates the readers as it progresses through the narratives of early Rajas, palace intrigues and the rivalry between the junior and senior Maharanis which caught public attention at that time. As it was matrilineal system prevalent during the time two cousins from the Attingal household, Sethu Lakshmi Bayi and Sethu Parvathi Bayi were adopted to the Travancore dynasty. Sethu Lakshmi Bayi ascended to the throne after the death of Maharaja Sri Moolam Tirunal with full powers and later she became the Regent Maharani of Travancore. Sethu Parvathai Bai became the mother of the future Maharaja Sri Chithira Thirunal of Travancore. A moral epitome of the time, modest and intelligent, the Regent Maharani took unprecedented measures for the development of modern Travancore.




She took up projects and innovative measures which her predecessors dared not to look upon the regency was marked by many social reforms in Travancore. In 1925, animal sacrfice was banned in Travancore. In 1926 Sethu Lakshmi Bayi abolished devadasi system. All the public roads (except the eastern road) to Vaikom Mahadeva Temple were opened to all castes. She had done away with

matrilineal system. She was revered and admired by the people unparalleled in the history of regents.

The book also features Junior Maharani as the focus of palace intrigues and obviously ‘the villain of the piece’. The Junior Maharani loved limelight and was quite unorthodox in her ways. She was a musician, spoke French and Sanskrit and played golf. She wrested with Senior Maharani for power and when it failed she got involved in a series of intrigues and dubious schemes to topple her cousin’s regency. It is also said that she even hosted a black magic  ritual.

It is said to note that Sethu Lakshmi Bayi faced vindictive measures towards the very end of her regency. She never imagined that her trusted servants would also turn against her. Finding herself alienated from her Kingdom and people, she was terribly hurt by the protests of her once faithful followers which inflicted deep wounds in her heart. One night she left the palace with grave misgivings and tears trickling down her face heading to Bangalore from where she would never return.

In this book Manu S. Pillai pays a glowing tribute to Maharani Sethu Lakshmi Bayi who had quite gone into oblivion in the pages of history.

Manu S. Pillai was born in Kerala in 1990 and educated at Fergusson College, Pune, and at King’s College London. Following the completion of his master’s degree, where the presented his thesis on the emergence of religious nationalism in nineteenth - century India, in 2011-12, he managed the parliamentary office of Dr. Shashi Tharoor in New Delhi and was then aide to Lord Bilimoria CBE DL, a crossbencher at the House of Lords in London in 2012-13. That same year he was commissioned by the BBC as a researcher to work with Prof. Sunil Khilnani on the “Incarnations” history series, which tells the story of India through fifty great lives. The lvory Throne is Manu’s First book.

# Artificial Intelligence

**Jiya Thomas, IX B**

Though artificial but geniune,
Though not a human but has brain,
Though no emotions but teach how to emote,
Though not eating but teach how to cook,
Though not writing but teach how to write,
Though not studying yet it gives tips in studying,
Though no diploma but a master in all degrees,
The master of all, but sometimes meet trouble
Like humans, it feels tiresome,
Just unplugged and open once more,
your artificial gadget,
Never complain even being called as
'Computer'.




# Ozone

**Devananda.A., X A**

Ozone is a highly reactive gas made of three oxygen seems in a blue colour and it is harmful to is present in the stratosphere as a shield to protect earth. Ozone was identified in the atmosphere by ........... in 1817.

The Ozone layer surrounding the earth in the atmosphere to protects the living organisms by absorbing the harmful ultraviolet rays. It is also a greenhouse gas which regulates the temperature.

Refrigerates, air conditioners, different types of sprays, fire extinguisher, paints, etc are source of gasses such as chloroflurocarbon etc. Such gases could remain unaltered in the atmosphere for a long time. These gases rising to the upper atmosphere react with ultra violet rays from the sun to from chlorine and bromine. It is estimated that each chlorine atom is capable to decay about one lakh of Ozone moelcules. Bromine is 40 times more reactive than chlorine. This depletion in the atmosphere Ozone layer is called as Ozone hole.



The 'Montrial Protocol' is an international treaty aimed at banning the products that cause Ozone depletion at various levels. It was signed as a landmark for the conservation of Ozone in 1987, Vienna summit. It has been proved that by the implementation of the treaty the Ozone depletion over the Antartic region was considerably concerned.

To create awareness on the need of conservation of Ozone and to control the use of products leading to Ozone depletion 16th September of every year is observed as World Ozone day.

# PSYCHOLOGICAL IMPACT OF COVID 19 ON CHILDREN

**Saira Rachel Robin**
**IX A**

The Covid 19 pandemic brought a complex array of challenges which had mental repercussions
for everyone, including children and adolescents. Grief, fear, uncertainity, social isolation, increased screen time and parental fatigue have negatively affected the mental health of children.

The United Knowledge of the Covid 19 and the overwhelmeing news led to anxity and fear in students as well as in adults. The nationwide closure of educational institution have led to the transition from the conventional to the online learning mode, which dramatically and drastically changed studying. Studies present the pandemic as a disrespective event causing stress that negatively affects students learning performance and psychological well being. For example, studies show that Lockdowns causes increased levels of social avoidance among students.

Looking at its massive spread, World Health Organization (WHO) had declared



Covid as a pandemic. As our Hon’ble Prime Minister Narendra Modiji and announced lock down in the country, students had went through a roller waster from attending physical classes every morning to study  online. Although it is undeniable that online learning is considered the best solution to ensure consistency of learning in the era of the “new norm”, there had some setbacks such as loss of human presence, detecting the incomprehension of students by facial gestures, cracking small jokes to light up the mood, student patricipation and communication that can be achieved more effectively in class. However, this pandemic had absolutely updated the current methods of education and turned its focus on utilizing various educational platforms.

Covid 19 had also got students struggle to keep up the good result of their performance in learning that had usually done face to face. The determination to maintain a flying colour result caused them unusual stress, depression.

Finally, we, the children community like the motivational classes and conventional mode of classes from schools rather than online learning. Thus teachers and are friends will enhance ultimately are psychological and intellectual knowledge.

# WHY FAILURE IS GOOD FOR SUCCESS

**Jeffin Jois, IX B**

To achieve the greatest success, you have to embrace the prospect of failure. The sweetest victory is the one that's most difficult. The one that requires you to reach down deep inside, to fight with everything you've got, to be willing to leave everything out there on the battle field. Without knowing, until that do or die moment, if your herioc. Effort will be enough. Society dosen't reward defeat, and you wont' find may failures documented in history books. The expectation are those failure that became steppung stones to later success.

Its almost impossible to go through life without experiencing. Some kind of failure. Failure is a part of life; everyone has experienced at some time or other. Yet the greatest barrier to success and one of the bigest fears in life that people have is fear of failure. It is also the major reason that holds back people from realizing their full potential and acheving their goals. Fear of failure immobilize you, restricts you to your comport zone, prevents you from moving forward in life and hampers your chances of success. Failure is a matter of prespective. Many think failure as the opposite of success. But failures are infact the stepping stones of success. Nothing worth while in life has ever been achieved without a series of failures. Successful people also make mistakes. They



also fail but they don’t give up instead they remian stead fast. They overcome their fear of failure and are quick to lean from their mistakes.

When you try, there is no guarantee that you will succeed. But if you don’t try, you are sure to fail. So don’t let fear of failure hold you back from reaching out of your goals. The Key to success is not avoding failure but to overcome the fear of failure; learn from your failures and use them to build yourself up

.

# Conflict :

# Human Vs The Wild

**Nandana Hari, IX B**

Human race evolved crores of years ago. They learned how to tame animals and invaded forest to clear them for agriculture. Before cultivation, hunting was their means to get food. But ....... humans began to cultivate and they never stopped hunting.Still, they never stopped hunting. Even in this modern time, people hunt down animals for various purposes; for fur, skin, meat and sometimes, just for fun. Since ancient times, people saw hunting as an entertainment. This cruel hobby of human beings resulted in the extinction of several species like passenger pegion, dodo quagga and tasmanian tiger. And the number of certain species have dropped too.

Today, hunting is banned Hunting down animals and invading their forests to cut trees is a serious threat and crime.So the rate of destruction of forest has become considerably less. But seems like animals are taking their revenge now. Now a days, animals are entering in human habitats and destroying everything; from their crops to the houses of people.

Agriculture is the means of livelihood of people in tribal and rural areas close to forest.



But they are now waking up to see their worst nightmare: the destraction of their crops  their effort and hope, both have lost. Wild boar, Elephant and monkeys are the main animals that destroy the crops in Kerala.

The farmers wake up to see their tapiocas turned upsided down or their plantains destroyed Not only does they destroy their crops, they attack people too. The lives of the people are also threatened by tigers and leopards who leave forests occasionally.

For instance, few months ago a farmer in Kerala was killed by a tiger and there was a tusker elephant who threatened the whole village of Dhoni. (This elephant, now named as Dhoni is currently being watched and trained under wild life department). Also, there are occasions where tourists were attacked by wild animals.

Why is this happening?

There is a root cause for everything. And in this problem, it is a humans. Yes, we are the reason for animals being catastrophic.People now does not care about the consequences of cutting trees and clearing forest. Our actions like deforestation and levelling of the hills destroys the ecosystem of the place and animals, which were living there are forced to leave their habitat. This causes animals to visit human habitat. Lack of food is yet another reason. Human beings manipulate the resources provided by nature and animals are left with nothing. As a reason, animals go to human settlements in search of food.

Also during Jungle Safaris, the flashlight of the cameras of tourists irritate the animals and this results in tourists being attacked by animals. Also, taking pictures of animals while moving too close to them is quite dangerous.    It is our duty to protect our forests and maintain the harmony between humans and the wild.


# തിരനോട്ടം

.






CATHOLICATE HIGHER SECONDARY SCHOOL
NAVATHY SMARAKA ASSEMBLY HALL 2020

















SENIOR LITTLE KITES BATCH 2020-2023

